**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4053** **17-03-2025 - ൽ മറുപടിയ്ക്ക്**

**വിഷു, ഈസ്റ്റർ, റംസാൻ വിപണിയിൽ വിലക്കയറ്റം തടയുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ ജി ആർ അനിൽ (ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിഷു, ഈസ്റ്റർ, റംസാൻ വിപണിയിലെ വിലക്കയറ്റം തടയുന്നതിനും നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനുമായി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (എ) | സംസ്ഥാനത്ത് വിഷു, ഈസ്റ്റർ, റംസാൻ വിപണിയിലെ വിലക്കയറ്റം തടയുന്നതിനും നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനുമായി, സർക്കാരിന്റെ വിപണി ഇടപെടലിന്റെ ഭാഗമായി, സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ (പൊതു വിപണി വിലയേക്കാൾ 20% മുതൽ 35% വരെ വിലക്കുറവിൽ) സപ്ലൈകോ വിൽപ്പനശാലകൾ വഴി വിൽപ്പന നടത്തിവരുന്നുണ്ട്. ഇതിനുപുറമേ തേയില, കറി മസാലകൾ, സുഗന്ധ വ്യഞ്ജനങ്ങൾ, ആട്ട, അപ്പം/പുട്ട് പൊടി എന്നിവ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി ബ്രാൻഡിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴിയും കെ-സ്റ്റോറുകൾ വഴിയും പൊതു വിപണി വിലയേക്കാൾ 15% മുതൽ 30% വരെ വിലക്കുറവിൽ വിൽപ്പന നടത്തുന്നുണ്ട്. കൂടാതെ പ്രമുഖ ബ്രാൻഡുകളുടെ എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾ 5% മുതൽ 20% വരെ വിലക്കുറവിലും ആകർഷകമായ ഓഫറുകളിലും സപ്ലൈകോ വിൽപ്പനശാലകൾ വഴി പൊതുജനങ്ങൾക്ക് വിൽപ്പന നടത്തുന്നുണ്ട്. മേൽപ്പറഞ്ഞ ഉത്സവകാലങ്ങളിൽ അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി സപ്ലൈകോയുടെ ഇ-ടെണ്ടർ/ഇ-ലേലം നടപടികൾ പുരോഗമിച്ചു വരുന്നു. മുൻ വർഷത്തേതു പോലെ ഈ വർഷവും എല്ലാ താലൂക്കുകളിലെയും പ്രമുഖ സപ്ലൈകോ വിൽപ്പനശാലകൾ വിഷു - ഈസ്റ്റർ ഫെയറുകളായി പ്രവർത്തിക്കുന്നതാണ്.<br>വിലക്കയറ്റം തടയുന്നതിനും നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനും പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ ജില്ല/ താലൂക്ക് തല ഉദ്യോഗസ്ഥർ പൊതു വിപണിയിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾക്ക് നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഉത്സവ സീസണുകളിൽ വിവിധ വകുപ്പുകളുടെ സംയുക്ത പരിശോധനയിൽ ജില്ലാ സപ്ലൈ ഓഫീസർമാരുടെയും താലൂക്ക് സപ്ലൈ ഓഫീസർമാരുടെയും സിറ്റി റേഷനിങ് ഓഫീസർമാരുടെയും നേതൃത്വത്തിൽ ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ എന്നി വകുപ്പുകളുമായി ചേർന്ന് പ്രത്യേക സ്കാഡ് രൂപീകരിച്ച് പൊതുവിപണി പരിശോധന നടത്തി വരുന്നു. അപ്രകാരം നടത്തുന്ന പരിശോധനയിൽ വിലവിവരപട്ടിക പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിക്കുന്നതിനോടൊപ്പം വകുപ്പിൽ നിലവിലുള്ള താലൂക്ക് തല സ്ക്വാഡുകളുടെ സഹായത്തോടു കൂടി പൂഴ്ത്തി വയ്പ്പും കരിഞ്ചന്തയും തടഞ്ഞ് വിപണിവില പിടിച്ചു നിർത്തുന്ന നടപടികളും വകുപ്പ് സ്വീകരിച്ച് വരുന്നു.<br>സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി G.O(Rt)No.470/2023/F&CSD dtd. 23/11/2023 പ്രകാരം ബഹു. ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതാത് ജില്ലാ കളക്ടർ, ഭക്ഷ്യ, കൃഷി എന്നീ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ എല്ലാ മാസവും യോഗങ്ങൾ ചേർന്ന് പൊതു വിതരണ ഉപഭോക്തൃകാര്യ കമ്മീഷണർക്ക് സമർപ്പിക്കുന്ന ശുപാർശകൾ സഹിതമുള്ള റിപ്പോർട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഉന്നതതല കമ്മിറ്റിയ്ക്ക് സമർപ്പിക്കുകയും ചെയ്തുവരുന്നു. അവശ്യ വസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും വില ശേഖരണത്തിനും വേണ്ടി Price Monitoring Cell പ്രവർത്തിച്ചു വരുന്നു. 14 ജില്ലകളിൽ നിന്നും വിലകൾ ശേഖരിച്ച് PMSആപ്പിൽ Upload ചെയ്തു വരുന്നു. പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിനും അതിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനും വേണ്ടി സംസ്ഥാന തലത്തിൽ Centre for Price Research Kerala രൂപീകരിച്ചിട്ടുണ്ട്. ആയത് വഴി അനുദിനം വർദ്ധിച്ചു വരുന്ന വിലകളെ കുറിച്ച് പഠനം നടത്തി വിലനിയന്ത്രണത്തിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ